പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1835

16.06.2014 ൽ മറുപടിക്ക്

നിയമവാഴ്ച ഉറപ്പാക്കുന്നതിൽ പോലീസ്സേനയുടെ വീഴ്ച

ചോദ്യം

ശ്രീ. ജി. സുധാകരൻ
,, ജെയിംസ്മാത്യു
,, വി.റ്റി.എ. റഹീം
പ്രൊഫ. സി. രവീന്ദ്രനാഥ്

മറുപടി

ശ്രീ.രമേശ് ചെന്നിത്തല
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

| ചോദ്യം | മറുപടി |
| --- | --- |
| (എ) നിയമവാഴ്ച ഉറപ്പാക്കുന്നതിൽ സംസ്ഥാനത്തെ പോലീസ്സേന ഗുരുതരമായവീഴ്ചകൾ വരുത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതായി പറയപ്പെടുന്ന വീഴ്ചകൾ നീതിനിഷേധിക്കപ്പെടാൻ കാരണമാകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | |
| (സി) ബാഹ്യഇടപെടലുകളും കൈക്കൂലിയും കാരണം പരാതികളിന്മേൽ പോലീസ് സ്റ്റേഷനിൽ കേസുകൾ രജിസ്റ്റർ ചെയ്യാതിരിക്കുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ എന്തുനടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; പരാതിക്കാരന് രസീത് നൽകാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (സി) ഇത്തരം ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. പരാതിക്കാർക്ക് രസീത് നൽകുന്നുണ്ട്. |
| (ഡി) പോലീസിന്റെ ഭാഗത്തു നിന്നുള്ള കൃത്യവിലോപങ്ങൾ വർദ്ധിച്ചിരിക്കുന്നതിനാൽ, അരാജകത്വം വർദ്ധിച്ചതായും വിവിധതരം മാഫിയകൾ സമൂഹത്തിൽ പിടിമുറുക്കിയിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എഫ്. ഐ .ആർ. രജിസ്റ്റർ ചെയ്യാൻ വിമുഖത കാട്ടിയ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്റെപേരിൽ ഈ സർക്കാർ ശിക്ഷാനടപടി സ്വീകരിക്കുകയുണ്ടായിട്ടുണ്ടായെന്ന് വ്യക്തമാക്കാമോ? | (ഡി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എഫ്. ഐ .ആർ. രജിസ്റ്റർ ചെയ്യാൻ വിമുഖത കാട്ടിയ 2 ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ